# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1434 20.01.2014 - ൽ മറുപടിക്ക്

## കരമന - കളിയിക്കാവിള റോഡ് വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.എ.അസീസ് :<br>ശ്രീ. കോവൂർ കുഞ്ഞുമോൻ : | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതു മരാമത്ത് വകുപ്പ് മന്ത്രി) | |
| (എ) | കരമന - കളിയിക്കാവിള റോഡ് നാഷണൽ ഹൈവേ ആയിട്ടാണോ സ്റ്റേറ്റ് ഹൈവേ ആയിട്ടാണോ പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | ദേശീയ പാതയായിട്ടാണ് പരിഗണിക്കുന്നത്. എന്നാൽ ഇതിന്റെ വികസന പ്രവർത്തനങ്ങൾ സംസ്ഥാന ഫണ്ടുപയോഗിച്ചാണു നടത്തുന്നത്. |
| (ബി) | പ്രസ്തുത റോഡിന്റെ വികസനം എത്ര ഘട്ടം ആയാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | രണ്ടു ഘട്ടങ്ങളിലായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഓരോ ഘട്ടത്തിന്റെയും പ്രവർത്തന പുരോഗതി വിശദമാക്കുമോ ; | (സി) | ഒന്നാം ഘട്ടത്തിന്റെ ഒന്നാം റീച്ചായ കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള ഭാഗം നാലുവരി പാതയായി വികസിപ്പിക്കുവാൻ സ. ഉ. (സാധാ.) നമ്പർ. 1470/2013/ പൊ.മ.വ. തീയതി, 08.11.2013 പ്രകാരം 74 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. രണ്ടാം റീച്ചായ പ്രാവച്ചമ്പലം മുതൽ വഴിമുക്കു വരെയുള്ള ഭാഗത്തിന്റെ സ്ഥലം ഏറ്റെടുക്കുന്നതിന് 4 (1), 6 (1) നോട്ടിഫിക്കേഷനുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സ്ഥലം ഏറ്റെടുപ്പ് ഏതുവരെയായി ; സ്ഥലം നൽകുന്നവർക്ക് എത്ര രൂപ വീതമാണ് നഷ്ട പരിഹാരം നൽകുന്നത് ; | (ഡി) | കരമന മുതൽ പ്രാവച്ചമ്പലം വരെ സ്ഥലമെടുപ്പ് പുരോഗമിക്കുന്നു. കരമന മുതൽ പാപ്പനംകോട് വരെ ഒരു സെന്റിന് 12,91,715/- രൂപ, പാപ്പനംകോട് മുതൽ കാരയ്ക്കാമണ്ഡപം വരെ ഒരു സെന്റിന് 11,45,364/- രൂപ, കാരയ്ക്കാമണ്ഡപം മുതൽ വെള്ളായണി വരെ സെന്റിന് 11,30,469 /- രൂപ, വെള്ളായണി മുതൽ പ്രാവച്ചമ്പലം വരെ സെന്റിന് 11,53,079/- രൂപ വീതമാണ് സ്ഥലം നൽകുന്നവർക്ക് നഷ്ടപരിഹാരമായി നൽകുന്നത്. |
| (ഇ) | നാളിതുവരെ എത്ര തുക വിതരണം ചെയ്തു ; | (ഇ) | ഏകദേശം 64,52,55,312/- രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| (എഫ്) | ഇനി എത്ര പേർക്ക് നഷ്ടപരിഹാരതുക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ ? | (എഫ്) | കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള ഭാഗത്ത് ഏകദേശം 625 പേർക്ക് നഷ്ടപരിഹാരതുക നൽകാനുണ്ട്. |

Salitha

**സെക്ഷൻ ഓഫീസർ**